# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.07.2025**

## പ്രധാനവാർത്തകൾ

1. അഞ്ചു രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ മടങ്ങിയെത്തി.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

3. രാജ്യത്ത് കായിക സംസ്കാരം രൂപപ്പെടുന്നത് യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ

4. കോട്ടയം മെഡിക്കൽ കോളേജിലെ കെട്ടിടം ഇടിഞ്ഞുവീണ് മരിച്ച ബിന്ദുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ ധനസഹായം നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

5. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു.

6. ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഇന്ന് വെസ്റ്റ്മിൻസ്റ്ററിൽ തുടക്കം.

***********************************************

RNU TVPM

## പ്രധാനമന്ത്രി

അഞ്ചു രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂ ഡൽഹിയിൽ മടങ്ങിയെത്തി. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസിൽ, നമീബിയ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിച്ചത്. ഈ രാജ്യങ്ങളും ഇന്ത്യയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് പ്രധാനമാനമന്ത്രി മോദിയും, രാഷ്ട്ര തലവന്മാരുമായി ആശയവിനിമയം നടന്നു. റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിലും അദ്ദേഹം പങ്കെടുത്തു.

************************************

## അമിത് ഷാ

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിൽ ശ്രീ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും. രാത്രിയോടെ അദ്ദേഹം ഡൽഹിക്ക് മടങ്ങും.

PNU TVPM

************************************

## രക്ഷാ നിഖിൽ ഖഡ്സെ (ഇൻട്രോ)

രാജ്യത്ത് കായിക സംസ്കാരം രൂപപ്പെടുന്നത് യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ. കാര്യവട്ടം LNCPE -

യിൽ പുതുതായി നിർമ്മിച്ച മെഡിക്കൽ സെൻററിൻറെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി. സ്പോർട്സ് സയൻസിൽ നിരവധി പുതിയ സംവിധാനങ്ങൾ കേന്ദ്രം വിഭാവനം ചെയ്യുന്നുണ്ടെന്നും അതെല്ലാം സായി കേന്ദ്രങ്ങളിൽ എത്രയും വേഗം നടപ്പാക്കുമെന്നും ശ്രീമതി രക്ഷാ നിഖിൽ ഖഡ്സെ വ്യക്തമാക്കി. വികസിത ഇന്ത്യയിൽ കായിക മേഖലയ്ക്ക് വലിയ പ്രാധാന്യം ഉണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. കായിക താരങ്ങൾക്കുള്ള എൻഡോവ്മെന്റ് വിതരണവും ശ്രീമതി രക്ഷ നിഖിൽ ഖഡ്സേ നിർവഹിച്ചു.

(വോയിസ്)

***********************************

## മന്ത്രിസഭായോഗം

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടത്തിലെ ഒരു ഭാഗം ഇടിഞ്ഞുവീണ് മരിച്ച വൈക്കം സ്വദേശിനി ബിന്ദുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ബിന്ദുവിന്റെ മകൻ നവനീതിന് ജോലി നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശുപാർശ ചെയ്യുവാനും മന്ത്രിസഭാ തീരുമാനിച്ചു.

RNU TVPM

***********************************

## നിപ

സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ കർശന ജാഗ്രത തുടരുകയാണ്. നിപാബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കേന്ദ്രസംഘം മലപ്പുറത്തെത്തി. കേന്ദ്ര ആരോഗ്യ മന്ത്രാലയം നിയോഗിച്ച നാഷണൽ ജോയിന്റ് ഔട്ട്ബ്രേക്ക് റെസ്പോൺസ് ടീമാണ്

എത്തിയത്. വവ്വാലുകളുടെ നിരീക്ഷണത്തിനും സർവേക്കുമായി മറ്റൊരു സംഘവും ജില്ലയിലെത്തും.

************************************

## നിപ്പ കേന്ദ്രസംഘം-- (ഇൻട്രോ)

നിപ്പയുടെ പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര കിഴക്കുമ്പുറത്ത് കേന്ദ്ര സംഘം പരിശോധന നടത്തി. വവ്വാലുകളുടെ നിരീക്ഷണത്തിനും സർവേക്കുമായാണ് സംഘം എത്തിയത്. സെപ്റ്റംബർ മാസം വരെ നിപ കലണ്ടർ പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശം.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അരിമുത്ത്.......**

(വോയ്സ്)

************************************

## വൈസ് ചാൻസിലർ

കേരള സർവ്വകലാശാലാ രജിസ്ട്രാർ ഡോ. കെ എസ് അനിൽകുമാർ രാവിലെ ഓഫീസിൽ പ്രവേശിച്ചു. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടി സിൻഡിക്കേറ്റാണ് റദ്ദാക്കിയത്. എന്നാൽ മിനി കാപ്പനെ പുതിയ രജിസ്ട്രാറായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് വൈസ് ചാൻസലർ നേരത്തെ കൈമാറിയിരുന്നു. അതേസമയം, കേരള സർവ്വകലാശാലയിലേക്ക് ഡി വൈ എഫ് ഐ, എ.ഐ.എസ്.എഫ് സംഘടങ്ങൾ നടത്തിയ മാർച്ചുകൾ പോലീസ് തടഞ്ഞത് സംഘർഷത്തിനിടയാക്കി.

************************************

RNU TVPM

## വി ഡി സതീശൻ

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന് വരുന്ന പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കാണണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. 13 സർവ്വകലാശാലകളിൽ 12 ലും വി.സി മാരില്ല. ഇത് സർവ്വകലാശാല പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കീം പരീക്ഷാ ഫലം റദ്ദാക്കിയ സാഹചര്യത്തിൽ കുട്ടികളുടെ ഭാവി തകരാറിലാകാത്തവിധം പരിഹാരം കണ്ടെത്തണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***********************************

## കയർ ഷോറൂം - മന്ത്രി പി രാജീവ്

പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന കയർ കോർപ്പറേഷൻ തിരുവനന്തപുരം ലുലു മാളിൽ അത്യാധുനിക മാട്രസ്സ് എക്സ്പീരിയൻസ് ഷോറൂം ആരംഭിക്കുന്നു. ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് ഇന്ന് വൈകുന്നേരം നിർവഹിക്കും. കേരളത്തിൻറെ തനത് കയർ ഉൽപ്പന്നങ്ങൾ, മെത്തകൾ എന്നിവയുടെ പ്രദർശനവും വിപണനവും ഇവിടെയുണ്ടാകും.

***********************************

## പി.ഐ.ബി-ശില്പശാല.. (ഇൻട്രോ)

RNU TVPM

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല കണ്ണൂർ തളിപ്പറമ്പിൽ ആരംഭിച്ചു . ഹോട്ടൽ ഹോറൈസണിൽ പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ഉദ്ഘാടനം ചെയ്തു.

**വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ**

**(വോയ്സ്)**

***********************************

## ശബരിമല

ശബരിമല ക്ഷേത്രനട നാളെ തുറക്കും. പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പ്രത്യേക പൂജകൾ ഈമാസം 12 നും, 13ന് പ്രതിഷ്ഠാ കർമ്മവും നടക്കും. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്.

RNU TVPM

***********************************

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഇന്ന് വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും. ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം. ഇരുടീമുകളും പരമ്പരയിലെ ഓരോ മത്സരങ്ങൾ വീതം വിജയിച്ചിട്ടുണ്ട്. ഈ മാസം 24 നാണ് നാലാം മത്സരം.

***********************************

## വിംബിൾഡൺ - സെമിഫൈനൽ

വിംബിൾഡൺ ടെന്നിസിൽ ഇന്ന് വനിതാ സെമിഫൈനൽ മത്സരങ്ങൾ നടക്കും. അരീന സബലെങ്ക - , അമാൻഡ അൻസിമോവ യെയും ഇഗാ സ്വൈടെക് - ബെലിന്ദ ബെൻസികിനെയും സെമി ഫൈനലിൽ നേരിടും. നാളെ പുരുഷ വിഭാഗം സെമിഫൈനലിൽ നോവാക് ജോകോവിച്ചും ലോക ഒന്നാം നമ്പർ യാനിക് സിന്നറും ഏറ്റുമുട്ടും. രണ്ടാം സെമിയിൽ കാർലോസ് അൽകാരസിന് , ടെയ്ലർ ഫ്രിട്സ് ആണ് എതിരാളി.

***********************************

## ഫിഫ ക്ലബ് ലോകകപ്പ്

ഫിഫ ക്ലബ് ലോകകപ്പിന്റെ കലാശ പോരാട്ടത്തിൽ പി.എസ്.ജി യും ചെൽസിയും ഏറ്റുമുട്ടും . ഞായറാഴ്ച പുലർച്ചെ 12:30 ന് മത്സരം ആരംഭിക്കും. ഇന്നലെ ന്യൂജേഴ്സിയിലെ മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ നടന്ന സെമിഫൈനലിൽ റയൽ മാഡ്രിഡിനെ ഏകപക്ഷീയമായ 4 ഗോളിന് പി.എസ് .ജി പരാജയപ്പെടുത്തി.

RNU TVPM

***********************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 347 പോയിൻറ് നഷ്ടത്തിൽ 83,189 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 20 പോയിൻറ് കുറഞ്ഞ് 25,362 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന. ഗ്രാമിന് 20 രൂപ വർദ്ധിച്ച് 9,020 ഉം പവന് 160 രൂപ ഉയർന്ന് 72,160 രൂപയുമാണ് ഇന്നത്തെ വില.

***********************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

**********************************

## മാർ അപ്രേം

കാലം ചെയ്ത മാർ അപ്രേം മെത്രാപ്പോലീത്തയുടെ ഖബറടക്കത്തിന്റെ ഭാഗമായുള്ള വിലാപയാത്രയായ, നഗരി കാണിക്കൽ ചടങ്ങ് തൃശ്ശൂർ നഗരത്തിൽ നടന്നു. ഖബറടക്കം സംസ്ഥാന ഔദ്യോഗിക ബഹുമതികളോടെ ഇന്ന് ഉച്ച കഴിഞ്ഞ് നടക്കും . വിശുദ്ധ കുർബ്ബാനയും സംസ്കാര ശുശ്രൂഷകളും മാർത്ത മറിയം വലിയ പള്ളിയിൽ രാവിലെ ആരംഭിച്ചിരുന്നു.

RNU TVPM

**********************************

## ദേശീയ മത്സ്യകർഷക ദിനം

ഇന്ന് ദേശീയ മത്സ്യകർഷക ദിനം. ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ മത്സ്യകൃഷി രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കർഷകർക്കും സ്ഥാപനങ്ങൾക്കും , 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള പുരസ്കാരങ്ങൾ നൽകും. രാജ്യത്തെ നീല വിപ്ലവത്തിന് ഊർജ്ജം പകർന്ന കാർപ്പ് മത്സ്യങ്ങളിലെ പ്രേരിത പ്രജനന സാങ്കേതിക വിദ്യ,

വികസിപ്പിച്ചെടുത്തതിന്റെ ഓർമ്മയ്ക്കാണ് ദേശീയ മത്സ്യകർഷക ദിനമായി ആചരിക്കുന്നത്.

***********************************

## അഗ്നിവീർ

ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായുസേനയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. നാളെ രാവിലെ 11 മുതൽ ഈ മാസം 31 രാത്രി 11 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും agnipathvayu.cdac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

*******************************************************************************************

***********************************

RNU TVPM